# ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി

കുന്നുംഭാഗം. പി. ഓ., കാഞ്ഞിരപ്പള്ളി പിൻ. 686507
Phone No.04828-203492, 202292. E Mail thghkply@gmail.com

നം. സി1/2160A/2024 തീയതി :10/06/2024

## ദർഘാസ് നോട്ടീസ്

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ MEDISEP ആർ.എസ്.ബി.വൈ/ചിസ്, ആർ.ബി.എസ്.കെ/എ.കെ., ജെ.എസ്.എസ്.കെ, ട്രൈബൽ ഫണ്ട്, എന്നി സ്കീമുകളിൽ വരുന്ന രോഗികൾക്ക് ഇവിടെ ലഭ്യമല്ലാത്ത ലാബ് ടെസ്റ്റുകൾ പുറത്തുള്ള ലാബുകളിൽ പരിശോധിക്കുന്നതിന്, മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി 2024-25 സാമ്പത്തിക വർഷത്തേക്ക് കരാറിലേർപ്പെടുവാൻ താൽപ്പര്യമുള്ള അംഗീകൃത **ലാബുകളിൽ** നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

കവറിന്റെ പുറത്ത് "ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളിക്ക് ലാബ് ടെസ്റ്റുകൾ നടത്തുന്നതിനുള്ള ദർഘാസ് " എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ഓഫീസിൽ നിന്നും നൽകുന്ന ലിസ്റ്റ് പ്രകാരം നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.

പൂരിപ്പിച്ച ദർഘാസിനൊപ്പം രേഖപ്പെടുത്തിയ മുഴുവൻ തുകയുടെ 1% നിരതദ്രവ്യം ( 5000/-രൂപാ ) സൂപ്രണ്ടിന്റെ പേരിൽമാറാവുന്ന ഡിഡി ആയി വെയ്ക്കക്കേണ്ടതാണ്

മുദ്രവച്ച ദർഘാസുകൾ 29/06/2024 പകൽ 11.00 എ.എം. വരെ ആഫീസിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം, 2.00 പി.എം ന് അപ്പോൾ ഹാജരായിട്ടുള്ള വരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ പേരിൽ ദർഘാസ് സ്ഥിരപ്പെടുത്തുന്നതുമാണ്. ദർഘാസ് സമർപ്പിക്കുന്നവർ രോഗികളുടെ സൗകര്യാർത്ഥം ആശുപത്രിയിൽ നിന്നും ഒരു കി.മീറ്ററിനുള്ളിൽ സ്ഥാപനം ഉള്ളവർ ആയിരിക്കണം

ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്. ദർഘാസ് നടപടികൾ മുൻകൂട്ടി അറിയിക്കാതെ മാറ്റിവയ്ക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

| | | |
|---|---|---|
| **ദർഘാസ് ഫാറം വില** | : | ₹1000 **+18% GST** |
| **ദർഘാസ് ഫാറം ലഭിക്കുന്ന അവസാന തീയതി** | : | **27.06.2024 04.00PMവരെ** |
| **ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തീയതി** | : | **29/06/2024, 11.00AM** |
| **ദർഘാസ് തുറക്കുന്ന തീയതി സമയം** | : | **29/06/2024, 02.30PM** |

GENERAL HOSPITAL KANJIRAPPALLY

**ഡോ.സാവൻ സാറ മാത്യു,**
**സൂപ്രണ്ട്**

Superintendent
General Hospital
Kanjirappally

പകർപ്പ് :

1. നോട്ടീസ് ബോർഡ്
2. ബഹു.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. നോട്ടീസ് ബോർഡ് ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി / വാഴൂർ
4. നോട്ടീസ് ബോർഡ് ഗ്രാമ പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി / ചിറക്കടവ്
5. താലൂക്ക് ഓഫീസ്, കാഞ്ഞിരപ്പള്ളി
6. ഫയൽ / സ്റ്റോക്ക് ഫയൽ.